# ജനവിധിയുടെ അർത്ഥതലങ്ങൾ

**2011 ഏപ്രിൽ 15**



''കേരളത്തിൽ യു ഡി എഫ് ഏറ്റവും കുറഞ്ഞത് നൂറു സീറ്റുകൾ നേടും'' – എ കെ ആന്റണി.

ഒട്ടും കുറയരുതല്ലോ എന്നു കരുതിയായിരിക്കും വയലാർ രവി പറഞ്ഞു – ''യു ഡി എഫ് കേരളത്തിൽ സെൻച്വറി നേടും''



എ കെ ആന്റണി



വയലാർ രവി

മലയാളത്തിലും ഇംഗ്ലീഷിലും അവർ പറഞ്ഞത് ഒരേ കാര്യമായിരുന്നു. അവരുടെ സ്വപ്നങ്ങളും മോഹങ്ങളും ഒന്നുതന്നെ– ഒരു തകർപ്പൻ വിജയം. ആ അട്ടിമറി വിജയമെന്ന അവരുടെ സ്വപ്നം കേരളത്തിലെ ജനങ്ങൾ തകർത്തു.

തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഫലം പുറത്തുവന്നപ്പോൾ യു ഡി എഫിന് 72 സീറ്റുകൾ. എൽഡി എഫിന് 68 സീറ്റുകൾ. കഷ്ടിച്ചു കടന്നുകൂടി യു ഡി എഫ് അധികാരത്തിലേയ്ക്ക്. രണ്ടു പേരുടെ ഭൂരിപക്ഷമാണുള്ളത്. രണ്ടു പേർക്കു പനിപിടിച്ചു സഭയിൽ വരാൻ കഴിഞ്ഞില്ലെങ്കിൽ പഴയ കാസ്റ്റിംഗ് വോട്ടു ചെയ്ത സ്പീക്കറുടെ ദയനീയമായ കഥ ഇനിയും ഇവിടെ ആവർത്തിക്കുമെന്നുറപ്പ്.

വോട്ടെണ്ണലിന്റെ അവസാന ഘട്ടത്തിൽ ചിലപ്പോഴൊക്കെ70–70 എന്നതായിരുന്നു എൽഡിഎഫ്–യു ഡി എഫ് ലീഡിന്റെ അനുപാതം. കഷ്ടിച്ചു രക്ഷപ്പെട്ടു അത്രമാത്രം.

യു ഡി എഫിന്റെ ഈ തിളക്കമില്ലാത്ത വിജയത്തിന്റെ പശ്ചാത്തലത്തിൽ കോൺഗ്രസിന്റെ സ്ഥിതി ഒന്നു പ്രത്യേകമായി നോക്കുന്നതു നന്നായിരിക്കും. കാസർകോട്, കോഴിക്കോട്, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിൽ കോൺഗ്രസിന് ഒറ്റ സീറ്റുപോലുമില്ല. തിരുവനന്തപുരം, കോട്ടയം, എറണാകുളം, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ മാത്രമാണ് യുഡിഎഫിന് നേട്ടങ്ങൾ കൊയ്യാൻ കഴിഞ്ഞത്.

യുഡിഎഫ്  ഭരണം നടക്കുന്ന പുതിയ നിയമസഭയിലെ ഏറ്റവും വലിയ കക്ഷി കോൺഗ്രസല്ല; മറിച്ച് സിപിഐ(എം) ആണ്. സ്വതന്ത്രരുൾപ്പെടെ സി പി ഐ (എം) ബഞ്ചിൽ 47 പേർ ഇരിക്കുമ്പോൾ മുഖ്യമന്ത്രിയുടെ പാർട്ടിക്ക് കേവലം38 പേരുടെ പിന്തുണയേ ഉണ്ടാകൂ.

ഇനി യുഡിഎഫിന്റെ മറ്റ് ഘടകകക്ഷികളെ അൽപംകൂടി വിശകലനം ചെയ്താൽ ചിത്രം കൂടുതൽ വ്യക്തമാകും. നിരന്തരം പിളർക്കുകയും പിളർക്കും തോറും വളരുകയും ചെയ്യുന്ന മാണി കേരള

കോൺഗ്രസിന് ഒമ്പത് എംഎൽമാരുണ്ട്. മന്ത്രിസഭാ രൂപീകരണമെന്ന കരിമ്പാറക്കെട്ടിൽത്തട്ടി ''പിളർന്ന് വളരാൻ'' മാണി കോൺഗ്രസ് തീരുമാനിച്ചാൽ യുഡിഎഫ് ഭരണം തകരും. ഒറ്റയാൻ എംഎൽഎമാരുടെ മൂന്നു പാർട്ടികളുണ്ട് യുഡിഎഫിൽ. ഷിബു ബേബിജോണിന്റെ ആർഎസ്പി (ബി), ഗണേഷ്കുമാറിന്റെ കേരള കോൺഗ്രസ് (ബി), പിന്നെ ജേക്കബിന്റെ കേരള കോൺഗ്രസ്. ഇവരെയൊക്കെ തൃപ്തിപ്പെടുത്തിക്കൊണ്ടേ മന്ത്രിസഭാ രൂപീകരണത്തിൽ ഒരു ചുവടെങ്കിലും കോൺഗ്രസിന് മുന്നോട്ടു വെയ്ക്കാൻ കഴിയൂ.

ഇതിനു പുറമെയാണ് രണ്ട് അംഗങ്ങളുള്ള വീരേന്ദ്രകുമാറിന്റെ സോഷ്യലിസ്റ്റ് ജനതാദൾ. മന്ത്രിസഭാ രൂപീകരണ ശ്രമങ്ങളിൽ ആ പാർട്ടി പിളർന്നേക്കാം. അതൊഴിവാക്കാനൊരുപക്ഷെ ഒരു നല്ലവഴി മന്ത്രിസഭയിൽ ചേരാതെ പുറത്തുനിന്ന് പിന്തുണക്കുക എന്നതാകാം. കോൺഗ്രസ് ഏറ്റവും കൂടുതൽ നമ്പാൻ പോകുന്നത് യു ഡി എഫിന്റെ വിജയത്തിന്റെ സൂത്രധാരകൾ എന്നവകാശപ്പെടുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെയാവാം. 20 അംഗങ്ങളുള്ള ആ പാർട്ടി അവരുടെ പിന്തുണക്കുള്ള വിലപേശുന്നത് ഷൈലോക്കിനെപ്പോലും തോൽപ്പിക്കും വിധമായിരിക്കും. ഈ സാഹചര്യത്തിൽ യു ഡി എഫിന്റെ മുഖ്യമന്ത്രിപദമെന്ന കുരിശ് ആരു പേറും എന്നത് ചെറിയ പ്രശ്നമല്ല. ഈ പാനപാത്രം എന്നിൽനിന്നെടുക്കേണമേ എന്ന പ്രാർഥനയോടെയാണ് ഉമ്മൻചാണ്ടി യുഡിഎഫിന്റെ തിളക്കം കുറഞ്ഞ വിജയത്തെ സ്വാഗതം ചെയ്തത്.

കേരളം, തമിഴ്നാട്, പുതുച്ചേരി, പശ്ചിമബംഗാൾ, ആസാം എന്നീ സംസ്ഥാനങ്ങളിൽ നടന്ന തിരഞ്ഞെടുപ്പിനു ഒരു മിനി പൊതു തിരഞ്ഞെടുപ്പിന്റെ പ്രാധാന്യമുണ്ട്. അതിന്റെ ഫലം കോൺഗ്രസിന്റെയും അവർ നയിക്കുന്ന യുപിഎ കേന്ദ്രസർക്കാരിന്റെയും ഭാവിയെ കാര്യമായി സ്വാധീനിക്കുന്ന ഒന്നാണ്. ഇതിൽ കോൺഗ്രസിനാകെ സന്തോഷിക്കാൻ ഒന്നേയുള്ളൂ. ആസാമിൽ 54 സീറ്റു നേടി സ്വന്തം ഭൂരിപക്ഷത്തോടെ കോൺഗ്രസ് വീണ്ടും അധികാരത്തിലെത്തി. തമിഴ്നാട്ടിലും പുതുച്ചേരിയിലും കോൺഗസ് തൂത്തുനീക്കപ്പെട്ടു. 234 സീറ്റുള്ള തമിഴ്നാട്ടിൽ കോൺഗ്രസിന് ലഭിച്ചത് വെറും അഞ്ച് സീറ്റ്. പുതുച്ചേരിയിൽ ആകെ 30 സീറ്റ്; കോൺഗസിന് കേവലം 7 സീറ്റ് മാത്രം. മമത ബാനർജിയുടെ സുനാമി ആഞ്ഞടിച്ച പശ്ചിമബംഗാളിൽ ഇടതുപക്ഷം പരാജയപ്പെട്ടു. കോൺഗസ് പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്തു. അവിടെ ആകെയുള്ള 294 സീറ്റിൽ കോൺഗ്രസിന് ലഭിച്ചത് വെറും 42 സീറ്റുകൾ മാത്രം. കേരളത്തിന്റെ സ്ഥിതി നാം നേരത്തെ കണ്ടുവല്ലോ. ഈ മിനി പൊതു തിരഞ്ഞെടുപ്പ് കോൺഗ്രസിനു സമ്മാനിച്ചത് തീർച്ചയായും വിജയമല്ല.

കേരളത്തിലെ ജനവിധി തമിഴ്നാട്ടിൽ ഭരണം നഷ്ടപ്പെട്ട ഡിഎംകെയും ബംഗാളിൽ കരുത്തുതെളിയിച്ച തൃണമൂൽ കോൺഗ്രസ്സും യുപിഎ സർക്കാരിന്റെ മേൽ ശക്തമായ സമ്മർദ്ദ തന്ത്രങ്ങൾ പ്രയോഗിക്കുമെന്നതിൽ സംശയം വേണ്ട. അതിന്റെ രൂപങ്ങൾ വരുംനാളുകളിൽ പ്രകടമാകും. എൽ ഡി എഫിനോടാവശ്യപ്പെടുന്നത് പ്രതിപക്ഷത്തിരിക്കുവാനാണ്. ആ ജനവിധി എല്ലാ അർഥത്തിലും മാനിക്കപ്പെടുക തന്നെ ചെയ്യും.

പാർലമെന്റിലേയ്ക്കും തുടർന്ന് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും നടന്ന തിരഞ്ഞെടുപ്പുകളിൽ നേരിട്ട വൻ പരാജയങ്ങളിൽ നിന്ന് പാഠങ്ങളുൾക്കൊണ്ട്, എൽ ഡി എഫിന്റെ പ്രവർത്തനം ആകെ പരിശോധിച്ച്, കോട്ടങ്ങൾ പരിഹരിച്ചുകൊണ്ടാണ് എൽ ഡി എഫ് ഈ തിരഞ്ഞെടുപ്പിനെ നേരിട്ടത്.

എൽ ഡി എഫ് എല്ലാ തലങ്ങളിലും അതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചു, ശക്തമാക്കി. പരിപൂർണ ഐക്യത്തോടെ ഏറ്റവും താഴെതലം മുതൽ സംസ്ഥാന വ്യാപകമായി വരെ തുടർച്ചയായ ക്യാമ്പയിനുകൾ നടത്തിക്കൊണ്ടാണ് തിരഞ്ഞെടുപ്പ് രംഗത്ത് എൽ ഡി എഫ് എത്തിയത്.

എൽ ഡി എഫ് സർക്കാരിന്റെ ജനക്ഷേമ നടപടികൾ, വിവിധ മേഖലകളിൽ എൽ ഡി എഫ് കൈവരിച്ച ജനോപകാരപ്രദമായ നേട്ടങ്ങൾ, അവ ഓരോ ജനവിഭാഗത്തിനും എത്ര ഗുണം ചെയ്തു; അതുപോലെ നാടിനും. ഈ പ്രശ്നങ്ങളൊക്കെ യോജിച്ച ബഹുജന ജാഥകളിലൂടെ എൽ ഡി എഫ് ജനങ്ങളിലെത്തിച്ചു. കേന്ദ്രം തുടരുന്ന നിയോലിബറൽ സാമ്പത്തികനയങ്ങൾ എത്ര ജനവിരുദ്ധമാണെന്നും, അതുവഴി വളർന്ന അസഹനീയമായ വിലക്കയറ്റം, തൊഴിലില്ലായ്മ, പട്ടിണി, ദാരിദ്ര്യം തുടങ്ങിയ പ്രശ്നങ്ങളിൽ ജനം അനുഭവിക്കുന്ന കഷ്ടതകൾ, പ്രയാസങ്ങൾ ഇവയൊക്കെ ചൂണ്ടിക്കാണിച്ച് രാജ്യവ്യാപകമായി നടത്തിയ വിലക്കയറ്റ–അഴിമതിവിരുദ്ധ ക്യാമ്പയിനുകൾ ജനശ്രദ്ധ ആകർഷിച്ചു. അവിശ്വസനീയമാംവിധം വളരുന്ന അഴിമതി കേവലം ഒരു ധാർമ്മിക പ്രശ്നമല്ലെന്നും, അത് കേന്ദ്രസർക്കാർ തുടരുന്ന നിയോലിബറൽ സാമ്പത്തികനയത്തിന്റെ

അനിവാര്യമായ ഉപോൽപ്പന്നമാണ് എന്നും ജനങ്ങളെ ധരിപ്പിക്കാൻ എൽ ഡി എഫ് ശ്രമിച്ചു. അതോടൊപ്പം കേന്ദ്രം കേരളത്തിനെതിരെ തുടർച്ചയായി അനുവർത്തിക്കുന്ന വിവേചനാപരമായ നയങ്ങൾ തുറന്നുകാണിച്ചു. കൂടെ ഈ പ്രശ്നങ്ങളിലൊക്കെ യു ഡി എഫ് നടത്തുന്ന കള്ളക്കളികളും.

ഒരുമിച്ച് എൽ ഡി എഫ് കക്ഷികൾ ജനങ്ങളെ സമീപിച്ചതുതന്നെ അവരിൽ ആവേശം പകർത്തി. ജനവിരുദ്ധനയങ്ങൾക്കെതിരെ എൽ ഡി എഫിനൊപ്പം നിന്ന് പോരാടാൻ അവർക്ക് എന്നും സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. ഈ ക്യാമ്പയിൻ ഗ്രാമഗ്രാമാന്തരങ്ങളിലൂടെ നടത്തി. തുടർന്ന് എൽ ഡി എഫിന്റെ മന്ത്രിമാരും നേതൃത്വവും ചേർന്ന് നടത്തിയ സംസ്ഥാന ജാഥ എല്ലാ അസംബ്ലി മണ്ഡലങ്ങളും സന്ദർശിച്ച് എൽ ഡി എഫിന്റെ സന്ദേശമെത്തിച്ചു. പിന്നീട് ജനങ്ങളുടെ ഉയിർത്തെഴുന്നേൽപ്പായിരുന്നു.  അവർ എല്ലാം മറന്ന് എൽ ഡി എഫിന്റെ വിജയത്തിനായി രംഗത്തിറങ്ങി. സ്ഥിതിയാകെ മാറി.

പാർലമെന്റിലേക്കും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്കും നടന്ന തിരഞ്ഞെടുപ്പുകളിൽ എൽ ഡി എഫ് നേരിട്ട പരാജയം ആവർത്തിക്കുമെന്ന് സ്വപ്നം കണ്ടുകൊണ്ടാണ് ആന്റണിയും വയലാർ രവിയും നൂറുസീറ്റ് ലഭിക്കുമെന്ന മനപ്പായസമുണ്ടത്. ഉയിർത്തെഴുന്നേറ്റ കേരളജനത ഒരു പുതിയ ചരിത്രം എഴുതി, എൽ ഡി എഫ് ഭരണത്തെ തുടർന്ന് അധികാരത്തിൽ കൊണ്ടുവരുന്നതിൻ മുന്നോട്ടു വന്നു.

ആ ലക്ഷ്യം പൂർണമായി നിറവേറ്റപ്പെട്ടില്ല. മൂന്നു സീറ്റിന്റെ കുറവ് കൊണ്ട് എൽ ഡി എഫിന് ഭരണം നഷ്ടപ്പെട്ടു. ഈ സാഹചര്യത്തിൽ പ്രതിപക്ഷത്തിരുന്നുകൊണ്ട് എൽ ഡി എഫ് ജനകീയ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കണം.

ജനങ്ങൾ കൈവരിച്ച ഒരു നേട്ടവും കവർന്നെടുക്കാൻ ആരെയും അനുവദിക്കില്ല. പുതിയ നേട്ടങ്ങൾക്കു വേണ്ടി സമരം തുടരും; ജനങ്ങൾക്കും നാടിനും നല്ലൊരു ഭാവി കൈവരിക്കാൻ. കേരളത്തോടുള്ള കേന്ദ്രത്തിന്റെ വിവേചനത്തിനെതിരെ പോരാട്ടം തുടരും. ആ പ്രശ്നത്തിൽ യു ഡി എഫ് നടത്തുന്ന ഒളിച്ചുകളികൾ തുറന്നുകാട്ടപ്പെടും.

യു ഡി എഫ് ഭരണം കേരളത്തിൻ രാഷ്ട്രീയ അസ്ഥിരതയുടെ നാളുകൾ സംഭാവന ചെയ്യും. നിശ്ചയദാർഢ്യത്തോടെ, രാഷ്ട്രീയ ഇച്ഛാശക്തിയോടെ ജനങ്ങളുടെ പ്രശ്നങ്ങളോ നാടിന്റെ പ്രശ്നങ്ങളോ കൈകാര്യം ചെയ്യാൻ കഴിയാത്ത, ദുർബ്ബലമായ, ലക്ഷ്യബോധമില്ലാത്ത ഒരു ഗവണ്മെന്റായിരിക്കും യു ഡി എഫ് കേരളത്തിന് നൽകുന്നത്.

ആ സാഹചര്യങ്ങൾ വമ്പിച്ച അഴിമതികൾക്ക് വഴിവയ്ക്കും. ജനജീവിതം അവതാളത്തിലാക്കും; ഒപ്പം കേരളത്തിന്റെ ഭാവിയും. രാഷ്ട്രീയ അസ്ഥിരതയുടെ ഇരുണ്ട ഇടനാഴികളിലൂടെ കേരളം നയിക്കപ്പെടുമ്പോൾ നാടിന്റെയും ജനങ്ങളുടെയും ഭാവി സ്വാഭാവികമായും അപകടത്തിലാകും. ഇതിനെതിരെ ജനങ്ങളെ അണിനിരത്തുന്ന കടമ വീണ്ടും എൽ ഡി എഫിൻ ഏറ്റെടുക്കേണ്ടി വരികയും ചെയ്യും.

കേരളത്തിൽ കോണ്ഗ്രസ് വലിയൊരു ധർമ്മസങ്കടത്തിലാണ്. യു ഡി എഫ് ജയിച്ചിട്ടും ഒന്നു മനസു തുറന്നു സന്തോഷിക്കാൻ വയ്യാത്ത ദുരവസ്ഥ. ഇന്ത്യയിലാകെ നോക്കുമ്പോഴും സന്തോഷിക്കാൻ വലിയ വകയില്ല. അസം ഒഴിച്ചെങ്ങും ജയമില്ല. ബംഗാളിൽ കോൺഗ്രസ് മമതയുടെ ജൂനിയർ പാർട്നറാണ്. തമിഴ്നാട്ടിലും പുതുച്ചേരിയിലും സംഭവിച്ച തകർച്ച സഹിക്കാനാവാത്തതാണ്.

ഇതിനിടയിൽ കോൺഗ്രസ് കേന്ദ്രത്തിൽ നേതൃത്വം നൽകുന്ന യു പി എ സർക്കാരിന്റെ നിലനിൽപുതന്നെ അപകടത്തിലാകുമോ എന്ന സംശയം ജനിപ്പിക്കുന്ന സംഭവവികാസങ്ങൾ ക്രമേണ ഈ തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് ഉരുണ്ടുകൂടുകയാണ്.


മമത ബാനർജി

മമതയ്ക്ക് ഇപ്പോൾതന്നെ യു പി എ സർക്കാരിന്റെ പല നയങ്ങളിലും അഭിപ്രായവ്യത്യാസമുണ്ട്. അതൊന്നും അവർ ഒളിച്ചുവയ്ക്കാറുമില്ല. ചില സന്ദർഭങ്ങളിൽ അവരുടെ പാർട്ടി യു പി എ സർക്കാരിനെതിരെ പാർലമെന്റിൽ വോട്ടുചെയ്യുക പോലും ചെയ്തിട്ടുണ്ട്. പുതിയ സാഹചര്യത്തിൽ മമത കേന്ദ്രത്തിനുമേൽ കൊണ്ടുവരുന്ന സമ്മർദങ്ങൾക്കു മുമ്പിൽ കോൺഗ്രസ് നിസഹായമായി നോക്കിനിൽക്കേണ്ടിവരും.

ജനപിന്തുണ പൂർണമായി നഷ്ടപ്പെട്ട ഡി എം കെയുടെ എം പിമാരുടെ പിന്തുണ യു പി എ യുടെ നിലനിൽപ്പിന് അനുപേഷണീയമാണ്. ഈ സൗകര്യം മുതലാക്കികൊണ്ട് തന്നെ ജയലളിതയുടെ ഗവണ്മെന്റിനെതിരെ ഡി എം കെ, കേന്ദ്രത്തിലെ തങ്ങളുടെ സ്വാധീനമുപയോഗിച്ചു നടത്തുവാൻ പോകുന്ന രാഷ്ട്രീയ നാടകങ്ങൾ പുതിയ പിരിമുറുക്കം കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ സൃഷ്ടിക്കുവാനിടയുണ്ട്.

ഇതിനുപുറമെയാണ് ആന്ധ്രയിൽ നടന്ന ചില സുപ്രധാന സംഭവങ്ങൾ. തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനങ്ങളെ തുടർന്നുണ്ടായ നാടകീയമായ രാഷ്ട്രീയ മാറ്റങ്ങൾക്കിടയിൽ, രാജ്യത്തിന്റെ ശ്രദ്ധയിൽ വേണ്ടത്ര പെടാതെ പോയി അത്.

ഹെലികോപ്റ്റർ അപകടത്തിൽ മരിച്ചുപോയ രാജശേഖർ റെഡ്ഢിയുടെ അഭാവം ആന്ധ്ര രാഷ്ട്രീയത്തിൽ കോൺഗ്രസിനുണ്ടായിരുന്ന മേൽകൈ, ഒരു വലിയ പരിധിവരെ നഷ്ടപ്പെടുത്തുകയുണ്ടായി. ഇതിനിടയിലാണ് മരിച്ച രാജശേഖര റെഡ്ഢിയുടെ മകൻ ജഗൻ റെഡ്ഢി, സഹതാപതരംഗത്തിന്റെയും പണാധിപത്യത്തിന്റെയും പിന്തുണയോടെ കോണ്ഗ്രസിനെ വെല്ലുവിളിച്ചുകൊണ്ട് രാജശേഖർ റെഡ്ഢിയുടെ ദുരന്തത്തെ തുടർന്നുണ്ടായ സാഹചര്യത്തിൽ നിന്നു ചുമതലയെടുത്ത് തനിക്ക് മുഖ്യമന്ത്രി സ്ഥാനം കിട്ടിയേ മതിയാകൂ എന്ന ആവശ്യമുയർത്തി കോൺഗ്രസിനെ ആന്ധ്രയിൽ പിളർക്കാൻ ശ്രമിച്ചത്.


രാജശേഖർ റെഡ്ഢി

ഈ വെല്ലുവിളി കോൺഗ്രസ് നേതൃത്വത്തെ വിഷമത്തിലാക്കി. ഒരു വർഷം മറ്റൊരു മുഖ്യമന്ത്രിയെ അധികാരത്തിലിരുത്തി, കോൺഗ്രസ് പ്രശ്നപരിഹാരത്തിനു ശ്രമിച്ചു. സോണിയയും രാഹുലും ഇടപെട്ടു. പക്ഷേ ജഗൻ റെഡ്ഢി ആരേയും വകവച്ചില്ല, വഴങ്ങിയുമില്ല. മുഖ്യമന്ത്രി സ്ഥാനത്തിൽ കുറഞ്ഞ മറ്റൊന്നും, തന്നെ തൃപ്തിപ്പെടുത്തുകയില്ല എന്ന കാര്യം അദ്ദേഹം ആവർത്തിച്ചു. കോണ്ഗ്രസിൽ നിന്ന് ജഗൻ രാജിവയ്ക്കുകയും ചെയ്തു.


ജഗൻ റെഡ്ഢി

ബി ജെ പി നേതാക്കളായ കർണാടകത്തിലെ കുപ്രസിദ്ധ കോടീശ്വരന്മാരായ ഖനി രാജാക്കന്മാരായ, റെഡ്ഢി സഹോദരന്മാരുമായി കൂട്ടുകച്ചവടം നടത്തുന്നയാളാണ് ജഗൻ റെഡ്ഢി. നൂറുകണക്കിനു കോടി സമ്പത്തിനുടമയായ ജഗൻ റെഡ്ഢിയുടെ ആസ്തി റോക്കറ്റു വേഗത്തിലാണ് വളരുന്നത്. ''സാക്ഷി'' എന്ന ടെലിവിഷൻ-പത്ര ശൃംഖലയുടെ ഉടമയുമാണ് ജഗൻ റെഡ്ഢി.

ഈ വെല്ലുവിളി കോൺഗ്രസ് നേതൃത്വത്തെ വിഷമത്തിലാക്കി. ഒരു വർഷം മറ്റൊരു മുഖ്യമന്ത്രിയെ അധികാരത്തിലിരുത്തി, കോൺഗ്രസ് പ്രശ്നപരിഹാരത്തിനു ശ്രമിച്ചു. സോണിയയും രാഹുലും ഇടപെട്ടു. പക്ഷേ ജഗൻ റെഡ്ഢി ആരേയും വകവച്ചില്ല, വഴങ്ങിയുമില്ല. മുഖ്യമന്ത്രി സ്ഥാനത്തിൽ കുറഞ്ഞ മറ്റൊന്നും, തന്നെ തൃപ്തിപ്പെടുത്തുകയില്ല എന്ന കാര്യം അദ്ദേഹം ആവർത്തിച്ചു. കോണ്ഗ്രസിൽ നിന്ന് ജഗൻ രാജിവയ്ക്കുകയും ചെയ്തു.

ബി ജെ പി നേതാക്കളായ കർണാടകത്തിലെ കുപ്രസിദ്ധ കോടീശ്വരന്മാരായ ഖനി രാജാക്കന്മാരായ, റെഡ്ഢി സഹോദരന്മാരുമായി കൂട്ടുകച്ചവടം നടത്തുന്നയാളാണ് ജഗൻ റെഡ്ഢി. നൂറുകണക്കിനു കോടി സമ്പത്തിനുടമയായ ജഗൻ റെഡ്ഢിയുടെ ആസ്തി റോക്കറ്റു വേഗത്തിലാണ് വളരുന്നത്. ''സാക്ഷി'' എന്ന ടെലിവിഷൻ-പത്ര ശൃംഖലയുടെ ഉടമയുമാണ് ജഗൻ റെഡ്ഢി.

തന്റെ സാമ്പത്തികശക്തിയും മീഡിയ സ്വാധീനവും ആയുധമാക്കി സോണിയയെയും രാഹുലിനെയും തൃണവൽക്കരിച്ച്, കോൺഗ്രസിനെതിരെ കലാപത്തിന്റെ കൊടിയുയർത്തിയ ജഗൻ റെഡ്ഢിയുടെ പിന്നിൽ നിരവധി കോൺഗ്രസ് എം എൽ എമാരും എം പിമാരുമണിനിരന്നു. കടപ്പയിലെ കോൺഗ്രസ് എം പിയായ ജഗൻ എം പി സ്ഥാനം രാജിവച്ച് ഉപതിരഞ്ഞെടുപ്പ് വരുത്തിവച്ചു. ഒരു എം എൽ എ സ്ഥാനത്തേക്കും ഈ സന്ദർഭത്തിൽ ഉപ തിരഞ്ഞെടുപ്പുണ്ടായി. അവിടെ രാജശേഖർ റെഡ്ഢിയുടെ വിധവയെ, ജഗൻ റെഡ്ഢിയുടെ അമ്മയെ, കോൺഗ്രസിനെതിരെ സ്ഥാനാർഥിയാക്കി നിർത്തി കടപ്പയിൽ ജഗൻ നേരിട്ടു മത്സരിച്ചു.

''രാജശേഖർ റെഡ്ഢിയുടെ കുടുംബത്തോട് കോൺഗ്രസ് നീതികാണിച്ചില്ല. രാജശേഖർ റെഡ്ഢിയുടെ സ്മരണയെ അധിക്ഷേപിച്ചു'' തുടങ്ങിയ മുദ്രാവാക്യങ്ങളുമായി ജഗനും അമ്മയും കോൺഗ്രസിനെതിരെ അങ്കം കുറിച്ചു.

ഇതു നേരിടുകയല്ലാതെ കോൺഗ്രസിനു മറ്റു മാർഗങ്ങളൊന്നുമുണ്ടായിരുന്നില്ല. ദയനീയമായ പരാജയം അവിടെ കോൺഗ്രസ് ഏറ്റുവാങ്ങി.

ജഗൻ ഇന്നുയർത്തുന്ന ഭീഷണി അതീവ ഗൗരവതരമാണ്. അദ്ദേഹം പറയുന്നത് താൻ തീരുമാനിക്കുന്ന ദിവസം ആന്ധ്രയിലെ കോൺഗ്രസ് മന്ത്രിസഭ മറിഞ്ഞുവീഴും എന്നാണ്. അതിനു വേണ്ടത്ര എം എൽ എമാർ ജഗനോടൊപ്പമുണ്ട്. ജഗന്റെ കൂടെ എം പിമാരുമുണ്ട്. കോൺഗ്രസിന് ഏറ്റവും കൂടുതൽ എം പിമാരുടെ പിന്തുണയുള്ള സംസ്ഥാനമാണ് ആന്ധ്ര. ജഗന്റെ എം പിമാർ പിന്തുണ പിൻവലിച്ചാൽ മന്മോഹൻ സർക്കാർ ആടിയുലയാൻ സാധ്യതയുണ്ട്. ഈ രാഷ്ട്രീയ യാഥാർഥ്യങ്ങളുടെ നേരെ കോൺഗ്രസിനു കണ്ണടയ്ക്കാൻ ഒരു തരത്തിലും കഴിയില്ല.

വിലക്കയറ്റത്തിന്റെയും നാണയപ്പെരുപ്പത്തിന്റെയും നീർക്കയത്തിൽ മുങ്ങി ജനം മരിക്കുമ്പോഴാണ് കേന്ദ്രം പെട്രോളിന് അഞ്ച് രൂപ വർധിപ്പിച്ചത്. തീർന്നില്ല ഇനി വരാനിരിക്കുന്നത് ഇതിനേക്കാൾ വലുത്. മണ്ണെണ്ണ, ഡീസൽ, പാചക വാതകം എല്ലാറ്റിന്റെയും വിലകൂട്ടും. എത്ര വലിയ അനീതിയാണിത്, വഞ്ചനയും. വോട്ടെടുപ്പു കഴിഞ്ഞ് ഫലം പുറത്തു വന്നതേയുള്ളൂ. വോട്ടു ചെയ്തവനെ ശിക്ഷിക്കുകയാണ്. ഈ വഞ്ചന ജനങ്ങൾ പൊറുക്കുമോ.

സോണിയയും രാഹുലും മന്മോഹനും കേരളത്തിൽ വന്ന് എൽ ഡി എഫ് സർക്കാർ അഴിമതി സർക്കാരാണ് എന്നു പറയുമ്പോൾ ഇവിടെ ജനം ചിരിക്കും. അഴിമതിയുടെ ലോക റെക്കാഡുകൾ സൃഷ്ടിച്ചവരാണ് ഇവിടെ വന്ന് അഴിമതിയെക്കുറിച്ച് ഗിരി പ്രഭാഷണം നടത്തുന്നത്. 2–ജി സ്പെക്ട്രം, കോമൺവെൽത്ത് ഗെയിംസ്, ആദർശ് ഫ്ളാറ്റ്, ഐ എസ് ആർ ഒ അഴിമതി ഇവയൊക്കെ ജനം മറന്നു എന്നാണോ അവർ കരുതിയത്.

ഇതൊക്കെ പാവം പൊതുജനമെന്ന കഴുത മറന്നുപോകും എന്ന വിശ്വാസത്തിലാണ്. നൂറു സീറ്റു കിട്ടും, സെൻച്വറി നേടും എന്നൊക്കെ അവകാശവാദം മുഴക്കിയത്. ഇപ്പോൾ ആന്റണി ആശ്വാസം കണ്ടെത്തുന്നതിങ്ങനെ ''അമിതമായ ആത്മവിശ്വാസമാണ്'' അപകടം വരുത്തിവച്ചതെന്ന്.

ഡൽഹിയിൽ നിന്ന് സോണിയയുടെ സന്ദേശവാഹകനായി കേരളത്തിലെത്തുന്ന മധുസൂദൻ മിസ്ത്രി പറഞ്ഞു. ''പ്രതീക്ഷിച്ചത്ര എന്തേ വിജയിക്കാതിരുന്നത് എന്നതിനെക്കുറിച്ച് കേരളത്തിലെ കോൺഗ്രസിനോട് സോണിയ റിപ്പോർട്ടാവശ്യപ്പെട്ടിട്ടുണ്ട്''.

സാത്വികനായ കോൺഗ്രസ് നേതാവ് വി എം സുധീരൻ വിലപിച്ചു. ''പ്രതീക്ഷിച്ച വിജയം എന്തേ ഉണ്ടായില്ല'' എന്നതിനെക്കുറിച്ചന്വേഷണം നടത്തണമെന്ന്.

അഴിമതിയെ ഉത്തുംഗങ്ങളിൽ എത്തിച്ച കേന്ദ്ര സർക്കാരിന്റെ നയങ്ങൾ, അവ തന്നെയാണ് നാട്ടിൽ വിലക്കയറ്റവും പട്ടിണിയും ദാരിദ്ര്യവും സൃഷ്ടിച്ചത്. ഇതു കാണാൻ കോൺഗ്രസിനു കഴിഞ്ഞില്ല. ഇതു കാണാൻ കഴിയാത്തിടത്തോളം കാലം കോൺഗ്രസിനെ ജനം വെറുക്കും. പരാജയം വേട്ടയാടും. ഇനിയെങ്കിലും ഈ യാഥാർഥ്യം തിരിച്ചറിയുവാൻ ശ്രമിക്കുകയായിരിക്കും നല്ലത്. അല്ലെങ്കിൽ രക്ഷപ്പെടുകയില്ല.